**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5196** **02-11-2021 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണ ഓപ്പൺ സർവകലാശാലയ്ക്ക് യു.ജി.സി അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണ ഓപ്പൺ സർവകലാശാലക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ; സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത സർവകലാശാലയ്ക്കായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്നും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 9 കോടി രൂപ 2021-22 വർഷത്തിൽ നീക്കി വച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സെന്റർ, ലൈബ്രറി, ക്ലാസ് റൂം, അക്കാഡമിക് സെക്ഷന് എന്നിവയ്ക്കുവേണ്ടി കൊല്ലം കേന്ദ്രീയ വിദ്യാലയത്തിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് സൗകര്യങ്ങളൊരുക്കുന്ന പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കുരീപ്പുഴ സി.ജെ.ഡി.എഫ് ബിൽഡിം ഗിൽ സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാം ബിരുദ, ബിരുദാനന്തര കോഴ്സുകളാണ് സർവകലാശാലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | യു.ജി കോഴ്സുകൾ 1. ഇംഗ്ലീഷ് 2. മലയാളം 3. ഹിന്ദി 4. സംസ്കൃതം 5. അറബിക് 6. കൊമേഴ്സ് 7. ഹിസ്റ്ററി 8. ഇക്കണോമിക്സ് 9. സോഷ്യോളജി 10. ബി.ബി.എ 11. ബി.സി.എ 12. ശ്രീനാരായണഗുരു സ്റ്റഡീസ് പി.ജി. കോഴ്സുകൾ 1. ഇംഗ്ലീഷ് 2. മലയാളം 3. ഹിസ്റ്ററി 4. സോഷ്യോളജി 5. കോമേഴ്സ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | സർവകലാശാലയുടെ കോഴ്സുകൾക്ക് പ്രത്യേക യു.ജി.സി അംഗീകാരം ആവശ്യമുണ്ടോ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ അക്കാദമിക് വർഷം യു.ജി.സി അംഗീകാരം ലഭിക്കുമോ; വിശദമാക്കാമോ; | (സി) | ഉണ്ട്; ലഭിച്ചിട്ടില്ല; ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയ്ക്ക് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് യു.ജി.സി യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ പോർട്ടലിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിന്റെ നടപടികൾ നടന്നു വരുന്നു. |
| (ഡി) | ശ്രീനാരായണ ഓപ്പൺ സർവകലാശാലയ്ക്ക് ഓഫ് ക്യാമ്പസ് സെന്ററുകൾ അനുവദിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സ്റ്റഡി സെന്റർ, പ്രോഗ്രാം സെന്റർ, വർക്ക് സെന്റർ, ലാബ് സെന്റർ എന്നിവ എന്താണെന്ന് വ്യക്തമാക്കാമോ; ഇതിനായി അപേക്ഷകൾ ക്ഷണിച്ചുവോയെന്നും ഇനിയും അപേക്ഷകൾ | (ഇ) | സ്റ്റഡി സെന്റർ : സർവ്വകലാശാലയുടെ വിവിധ പ്രോഗ്രാമുകൾ നടത്തുവാൻ അർഹതയുള്ള സ്ഥാപനം. പ്രോഗ്രാം സെന്റർ : ഒരു പ്രത്യേക വിഷയത്തിൽമാത്രം സർവ്വകലാശാല യുടെ കോഴ്സ് |

| | | | |
|---|---|---|---|
| | ക്ഷണിക്കുമോ എന്നും അറിയിക്കാമോ; ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | | പ്രദാനം ചെയ്യുന്ന സ്ഥാപനം. വർക്ക് സെന്റർ : സർക്കാർ അനുവദിച്ചിട്ടുള്ള അംഗീകൃത സ്ഥാപനം; ഈ സ്ഥാപനം വഴി സർവ്വകലാശാലയുടെ പഠന സാമഗ്രികൾ വിതരണം ചെയ്ത് വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ ലഭിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കാം. ലാബ് സെന്റർ : സർവ്വകലാശാല നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സയൻസ് വിഷയങ്ങൾക്കുവേണ്ടി ലബോറട്ടറി സൗകര്യങ്ങൾ നൽകാൻ തയ്യാറുള്ള സ്ഥാപനം. ഇതിനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ഇനിയും അപേക്ഷകൾ ക്ഷണിക്കുന്ന തായിരിക്കും. ലഭിച്ച അപേക്ഷകളിൽ യോഗ്യമെന്ന് കണ്ടെത്തിയ സ്ഥാപനങ്ങളുമായി കത്തിടപാട് തുടങ്ങിയിട്ടുണ്ട്. അടുത്തതന്നെ സർവ്വകലാശാല സിൻഡിക്കേറ്റ് സമിതി സ്ഥാപനങ്ങൾ സന്ദർശിക്കുന്നതാണ്. |
| (എഫ്) | യു.ജി.സി നിഷ്കർഷിക്കുന്ന "സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്ന ഓഫ് ക്യാമ്പസ് സെന്ററുകൾ ഏതെല്ലാമാണ്; സംസ്ഥാനത്തെ സഹകരണ കോളേജുകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുമോ; വ്യക്തമാക്കാമോ? | (എഫ്) | സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ നിയന്ത്രിക്കുകയോ മേൽനോട്ടം വഹിക്കുന്നതോ ആയ അഫിലിയേറ്റഡ് സ്ഥാപനങ്ങളെയാണ്; സഹകരണ കോളേജുകൾ ഈ വിഭാഗത്തിൽപ്പെടില്ല. |

സെക്ഷൻ ഓഫീസർ